# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1270 — 12.03.2015 ൽ മറുപടിയ്ക്ക്

### സപ്ലൈകോയ്ക്ക് അനുവദിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) വിലക്കയറ്റം തടയുന്നതിനായി പൊതുമാർക്കറ്റിൽ ഇടപെടുന്നതിന് സപ്ലൈകോയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എന്ത് തുകയാണ് നീക്കിവെച്ചിരുന്നത് ; തുക മുഴുവൻ ലഭ്യമായിട്ടുണ്ടോ ; | (എ) യും (ബി) യും ബജറ്റ് വിഹിതമായി വകയിരുത്തിയ 65 കോടി രൂപയും അധികമായി 5 കോടി രൂപയും ഉൾപ്പെടെ ആകെ 70 കോടി രൂപ സപ്ലൈകോയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 200 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്നാണ് സപ്ലൈകോ ആവശ്യപ്പെട്ടിരിക്കുന്നത്. |
| (ബി) കൂടുതൽ തുക അനുവദിക്കണമെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്ത് തുകയാണ് ആവശ്യപ്പെട്ടതെന്നും നൽകിയിട്ടുള്ളത് എത്രയെന്നും വ്യക്തമാക്കാമോ; | |
| (സി) സർക്കാർ കുടിശ്ശികയായി സപ്ലൈകോയ്ക്ക് ഏതെല്ലാം ഇനത്തിൽ എത്ര തുക വീതം നൽകാനുണ്ടെന്ന് അറിയിക്കാമോ? | (സി) 2008-09 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെയുള്ള മാർക്കറ്റ് ഇടപെടൽ ബി.പി.എൽ കുടുംബങ്ങൾക്ക് നൽകിയ സൗജന്യ കിറ്റ്, സ്പെഷ്യൽ പഞ്ചസാരയുടെ വിതരണം എന്നിവയ്ക്ക് സബ്സിഡിയിനത്തിൽ സർക്കാർ സഹായത്തിനു പുറമേ സപ്ലൈകോ ചെലവ് ചെയ്ത തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. |

| No | Year | Amount Due from Govt. (Rs. In crores) |
|---|---|---|
| 1 | 2008-09 | 31.22 |
| 2 | 2009-10 | 123.33 |
| 3 | 2010-11 | 42.50 |
| 4 | 2011-12 | 46.61 |

| | | |
|---|---|---|
| 5 | 2012-13 | 153.55 |
| 6 | 2013-14 | 204.07 |
| 7 | 2014-15 (upto December) | 160.46 |
| | **Total** | **761.74** |

സപ്ലൈകോയ്ക്ക് സർക്കാരിൽ നിന്നും 2013-14 KMS മുതൽ 10.03.2015 വരെ നെല്ല് സംഭരണം ഇനത്തിൽ 233.86 കോടി രൂപ നൽകാനുണ്ട്.

Beena

സെക്ഷൻ ഓഫീസർ